# ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക
# (3)

ദൂത് അഞ്ച്

## വിശുദ്ധിയിലുള്ള നമ്മുടെ കുറ്റമില്ലായ്മയുടെ കാരണവും നമ്മുടെ ആത്മാവിലും ദേഹിയിലും ദേഹത്തിലുമുള്ള നമ്മുടെ സമ്പൂർണ വിശുദ്ധീകരണത്തിന്റെ കാരണവും

MC Hymns: ML631, ML249

തിരുവെഴുത്ത് വായന: 1 തെസ്സ. 3:13; 5:23-24

1 തെസ്സ. 3:13 അങ്ങനെ തന്റെ സകല വിശുദ്ധന്മാരോടും കൂടെയുള്ള നമ്മുടെ കർത്താവായ യേശുവിന്റെ വരവിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധിയിൽ കുറ്റമില്ലാത്തവരായി നിങ്ങളുടെ ഹൃദയങ്ങളെ അവൻ സ്ഥിരപ്പെടുത്തട്ടെ.

1 തെസ്സ. 5:23 അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

1 തെസ്സ. 5:24 നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാകുന്നു, അവൻ അത് ചെയ്യും.

**I. സഭാജീവിതത്തിനുവേണ്ടി ഒരു വിശുദ്ധജീവിതം നയിക്കുന്നതിന്, കർത്താവ് വിശുദ്ധിയിൽ കുറ്റമില്ലാത്തതായി നമ്മുടെ ഹൃദയത്തെ (നമ്മുടെ വിശുദ്ധിയിൽ ഒരു കുറ്റവും കാണപ്പെടാത്തതായി) സ്ഥിരപ്പെടുത്തേണ്ടതാവശ്യമാണ്—1 തെസ്സ. 3:13:**

1 തെസ്സ. 3:13 അങ്ങനെ തന്റെ സകല വിശുദ്ധന്മാരോടും കൂടെയുള്ള നമ്മുടെ കർത്താവായ യേശുവിന്റെ വരവിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധിയിൽ കുറ്റമില്ലാത്തവരായി നിങ്ങളുടെ ഹൃദയങ്ങളെ അവൻ സ്ഥിരപ്പെടുത്തട്ടെ.

A. ഹൃദയം മനുഷ്യന്റെ അന്തർഭാഗങ്ങളുടെ ഒരു കൂട്ടം, മനുഷ്യന്റെ മുഖ്യ പ്രതിനിധി, അവന്റെ കാര്യകർത്താവ്, ആണ്:

1. നമ്മുടെ ഹൃദയം നമ്മുടെ ദേഹിയുടെ എല്ലാ ഭാഗങ്ങളും—മനസ്സും വികാരവും, ഇച്ഛയും (മത്താ. 9:4; എബ്രാ. 4:12; യോഹ. 14:1; 16:22; പ്രവൃ. 11:23)—ഒപ്പം നമ്മുടെ ആത്മാവിന്റെ ഒരു ഭാഗമായ മനസ്സാക്ഷിയും (എബ്രാ. 10:22; 1 യോഹ. 3:20) ചേരുന്നതാണ്.

മത്താ. 9:4 യേശുവോ അവരുടെ നിരൂപണങ്ങളെ അറിഞ്ഞിട്ട് പറഞ്ഞു, നിങ്ങളുടെ ഹൃദയങ്ങളിൽ ദുഷ്കാര്യങ്ങൾ നിരൂപിക്കുന്നത് എന്തിന്?

എബ്രാ. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും

വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

| | |
|---|---|
| യോഹ. 14:1 | നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകുവാൻ ഇടവരരുത്; ദൈവത്തിലേക്കു വിശ്വസിക്കുവിൻ, എന്നിലേക്കും വിശ്വസിക്കുവിൻ. |
| യോഹ. 16:22 | അതുകൊണ്ട് ഇപ്പോൾ നിങ്ങൾക്കും ദുഃഖമുണ്ട്; എന്നാൽ ഞാൻ നിങ്ങളെ വീണ്ടും കാണുകയും നിങ്ങളുടെ ഹൃദയം സന്തോഷിക്കുകയും ചെയ്യും, ആരും നിങ്ങളുടെ സന്തോഷം നിങ്ങളിൽനിന്ന് എടുത്തുമാറ്റുകയുമില്ല. |
| പ്രവൃ. 11:23 | അവൻ വന്ന് ദൈവകൃപ കണ്ടപ്പോൾ, സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉൽസാഹിപ്പിക്കുകയും ചെയ്തു. |
| എബ്രാ. 10:22 | ദുർമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നിർമല ജലത്താൽ നമ്മുടെ ശരീരങ്ങൾ കഴുകപ്പെട്ടും, വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ പരമാർഥ ഹൃദയത്തോടെ നമുക്ക് അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം. |
| 1 യോഹ. 3:20 | നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നു എങ്കിൽ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നതും കൊണ്ടാകുന്നു. |

2. നമ്മുടെ ഹൃദയവും ദൈവമുമ്പാകെയുള്ള അതിന്റെ അവസ്ഥയും, ദൈവമുമ്പാകെയുള്ള നമ്മുടെ ആത്മാവിന്റെയും ദേഹിയുടെയും ദേഹത്തിന്റെയും അവസ്ഥയോട് ജൈവികമായും, അന്തസ്ഥിതമായും, അഭേദ്യമായും ബന്ധപ്പെട്ടിരിക്കുന്നു:
    a. നമ്മുടെ ഹൃദയം സജീവമായിരിക്കുമ്പോൾ മാത്രമേ ആത്മാവിന്റെ വ്യായാമം ഫലപ്രദമാകുകയുള്ളൂ; മനുഷ്യന്റെ ഹൃദയം നിസ്സംഗമാണെങ്കിൽ, ആത്മാവ് അതിനുള്ളിൽ തടവിലാക്കപ്പെടുകയും അതിന്റെ കഴിവ് പ്രകടിപ്പിക്കുവാൻ കഴിയാതെ അപ്രാപ്തമായിരിക്കുകയും ചെയ്യുന്നു—മത്താ. 5:3, 8; സങ്കീ. 78:8; എഫെ. 3:16-17.

| | |
|---|---|
| മത്താ. 5:3 | ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു. |
| മത്താ. 5:8 | ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും. |
| സങ്കീ. 78:8 | തങ്ങളുടെ പിതാക്കന്മാരെപോലെ ശാഠ്യവും മത്സരവും |

ഉള്ള തലമുറയായി ഹൃദയത്തെ സ്ഥിരമാക്കാതെ ദൈവത്തോടു അവിശ്വസ്തമനസ്സുള്ളോരു തലമുറയായി തീരാതിരിക്കയും ചെയ്യേണ്ടതിന്നു തന്നേ.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

b. ദേഹി വ്യക്തി തന്നെയാണ്, എന്നാൽ ഹൃദയം പ്രവർത്തനത്തിലുള്ള വ്യക്തിയാണ്; ഹൃദയം നമ്മുടെ മുഴുവൻ ആളത്തത്തിന്റെ കാര്യകർത്താവ്, പ്രവർത്തിക്കുന്ന നടത്തിപ്പുകാരൻ, ആണ്.

c. നമ്മുടെ ഭൗതിക ശരീരത്തിന്റെ പ്രവർത്തനങ്ങളും ചലനങ്ങളും നമ്മുടെ ഭൗതിക ഹൃദയത്തെ ആശ്രയിച്ചിരിക്കുന്നു; ഇതേ രീതിയിൽ, നമ്മുടെ ദൈനംദിന ജീവിതം, നാം പ്രവർത്തിക്കുകയും പെരുമാറുകയും ചെയ്യുന്ന രീതി, നമുക്ക് എന്തുതരം മാനസിക ഹൃദയമാണുള്ളത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

B. ഹൃദയം ജീവന്റെ പ്രവേശനകവാടവും പുറത്തേക്കുള്ള വഴിയുമാണ്, ജീവന്റെ "സ്വിച്ച്" ആണ്; ഹൃദയം ശരിയല്ലെങ്കിൽ, ആത്മാവിലുള്ള ജീവൻ തടസ്സപ്പെടുകയും, ജീവന്റെ പ്രമാണത്തിന് നമ്മുടെ ആളത്തത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേരുവാൻ സ്വതന്ത്രമായും തടസ്സമില്ലാതെയും പ്രവർത്തിക്കുവാൻ കഴിയാതെവരുകയും ചെയ്യും; ജീവന് വലിയ ശക്തിയുണ്ടെങ്കിലും, ഈ വലിയ ശക്തി നമ്മുടെ ചെറിയ ഹൃദയത്താൽ നിയന്ത്രിക്കപ്പെടുന്നു—സദൃ. 4:23; മത്താ. 12:33-37; പ്ര.നി. യെഹെ. 36:26-27.

സദൃ. 4:23 സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു.

മത്താ. 12:33 ഒന്നുകിൽ വൃക്ഷത്തെയും അതിന്റെ ഫലത്തെയും നല്ലതാക്കുവിൻ, അല്ലെങ്കിൽ വൃക്ഷത്തെയും അതിന്റെ ഫലത്തെയും ദുഷിച്ചതാക്കുവിൻ; ഫലത്താലല്ലോ വൃക്ഷത്തെ അറിയുന്നത്.

മത്താ. 12:34 സർപ്പസന്തതികളേ, ദുഷ്ടന്മാരായിരിക്കെ നിങ്ങൾക്കു നല്ല കാര്യങ്ങൾ എങ്ങനെ സംസാരിക്കുവാൻ കഴിയുന്നു? ഹൃദയത്തിന്റെ സമൃദ്ധിയിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്.

മത്താ. 12:35 നല്ല മനുഷ്യൻ, തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലകാര്യങ്ങളെ പുറപ്പെടുവിക്കുന്നു, ദുഷ്ട മനുഷ്യനോ, തന്റെ

| | |
|---|---|
| | ദുഷ്ട നിക്ഷേപത്തിൽനിന്നു ദുഷ്ടകാര്യങ്ങളെ പുറപ്പെടുവിക്കുന്നു. |
| മത്താ. 12:36 | മനുഷ്യർ സംസാരിക്കുവാൻ പോകുന്ന സകല വെറുംവാക്കിനും ന്യായവിധിയുടെ ദിവസത്തിൽ അതെക്കുറിച്ച് അവർ കണക്കു ബോധിപ്പിക്കും. |
| മത്താ. 12:37 | എന്തെന്നാൽ നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും. |
| യെഹെ. 36:26 | ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. |
| യെഹെ. 36:27 | ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും. |

C. ദൈവം മാറ്റമില്ലാത്തവനാണ്, എന്നാൽ നമ്മുടെ സ്വാഭാവിക ജനനമനുസരിച്ച് മറ്റുള്ളവരോടും കർത്താവിനോടുമുള്ള നമ്മുടെ ബന്ധത്തിൽ നമ്മുടെ ഹൃദയം മാറ്റം വരാവുന്നതാണ്—പ്ര.നി. 2 തിമൊ. 4:10; മത്താ. 13:3-9, 18-23.

| | |
|---|---|
| 2 തിമൊ. 4:10 | ദേമാസ് ഇപ്പോഴത്തെ യുഗത്തെ സ്നേഹിച്ചിട്ട്, എന്നെ ഉപേക്ഷിച്ച്, തെസ്സലൊനീക്യയിലേക്കു പോയി; ക്രേസ്കേസ് ഗലാത്യയിലേക്കും, തീത്തൊസ് ദല്മാത്യയിലേക്കും പോയി. |
| മത്താ. 13:3 | അവൻ അവരോട് അനേകം കാര്യങ്ങൾ ഉപമകളിൽ സംസാരിച്ചു പറഞ്ഞത്, ഇതാ, വിതയ്ക്കുന്നവൻ വിതയ്ക്കുവാനായി പുറപ്പെട്ടു. |
| മത്താ. 13:4 | അവൻ വിതയ്ക്കുമ്പോൾ ചില വിത്തുകൾ വഴിയരികെ വീണു, പറവകൾ വന്ന് അവയെ വിഴുങ്ങിക്കളഞ്ഞു. |
| മത്താ. 13:5 | വേറെ ചിലത് അധികം മണ്ണില്ലാത്ത പാറസ്ഥലങ്ങളിന്മേൽ വീണു, മണ്ണിനു താഴ്ച്ചയില്ലാത്തതിനാൽ അവ പെട്ടെന്നു മുളച്ചുവന്നു. |
| മത്താ. 13:6 | എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അവയ്ക്കു ചൂടേറ്റു; വേരില്ലാത്തതിനാൽ വാടിപ്പോയി. |
| മത്താ. 13:7 | വേറെ ചിലത് മുള്ളുകളിന്മേൽ വീണു, മുള്ളുകൾ പൊങ്ങിവന്ന് അവയെ ഞെരുക്കിക്കളഞ്ഞു. |
| മത്താ. 13:8 | എന്നാൽ വേറെ ചിലത് നല്ല നിലത്തു വീണു ഫലം കായ്ച്ചു, ഒന്ന് നൂറുമടങ്ങ്, ഒന്ന് അറുപതുമടങ്ങ്, ഒന്ന് മുപ്പതുമടങ്ങ്. |
| മത്താ. 13:9 | കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ. |

മത്താ. 13:18 അതുകൊണ്ട് വിതച്ചവന്റെ ഉപമ നിങ്ങൾ കേൾക്കുവിൻ.

മത്താ. 13:19 ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്.

മത്താ. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

മത്താ. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

മത്താ. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

മത്താ. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

D. തന്റെ സ്വാഭാവിക മനുഷ്യജീവനനുസരിച്ച്, തന്റെ ഹൃദയത്തിൽ സുസ്ഥിരനായ ആരും ഇല്ല; നമ്മുടെ ഹൃദയം വളരെ എളുപ്പത്തിൽ മാറുന്നതായതുകൊണ്ട്, അത് ഒട്ടും വിശ്വാസയോഗ്യമല്ല—യിരെ. 17:9-10; 13:23.

യിരെ. 17:9 ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളതു; അതു ആരാഞ്ഞറിയുന്നവൻ ആർ?

യിരെ. 17:10 യഹോവയായ ഞാൻ ഹൃദയത്തെ ശോധനചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തന്നു അവനവന്റെ നടപ്പിന്നും പ്രവൃത്തിയുടെ ഫലത്തിന്നും തക്കവണ്ണം കൊടുക്കുന്നു.

യിരെ. 13:23 കൂശ്യന്നു തന്റെ ത്വക്കും പുള്ളിപ്പുലിക്കു തന്റെ പുള്ളിയും മാറ്റുവാൻ കഴിയുമോ? എന്നാൽ ദോഷം ചെയ്‌വാൻ ശീലിച്ചിരിക്കുന്ന നിങ്ങൾക്കും നന്മ ചെയ്‌വാൻ കഴിയും.

E. നമ്മുടെ ഹൃദയം മാറാവുന്നതായതുകൊണ്ട് അത് കുറ്റപ്പെടുത്താവുന്നതാണ്; മാറ്റമില്ലാത്ത ഒരു ഹൃദയം കുറ്റമില്ലാത്ത ഒരു ഹൃദയമാണ്—സങ്കീ. 57:7; 108:1; 112:7.

സങ്കീ. 57:7 എന്റെ മനസ്സു ഉറെച്ചിരിക്കുന്നു; ദൈവമേ, എന്റെ മനസ്സു

ഉറെച്ചിരിക്കുന്നു; ഞാൻ പാടും; ഞാൻ കീർത്തനം ചെയ്യും.

സങ്കീ. 108:1 ഒരു ഗീതം; ദാവീദിന്റെ ഒരു സങ്കീർത്തനം. ദൈവമേ, എന്റെ മനസ്സു ഉറെച്ചിരിക്കുന്നു; ഞാൻ പാടും; എന്റെ മനംകൊണ്ടു ഞാൻ കീർത്തനം പാടും.

സങ്കീ. 112:7 ദുർവ്വർത്തമാനംനിമിത്തം അവൻ ഭയപ്പെടുകയില്ല; അവന്റെ ഹൃദയം യഹോവയിൽ ആശ്രയിച്ചു ഉറെച്ചിരിക്കും.

F. ദൈവത്തിന്റെ രക്ഷയിൽ ഹൃദയത്തിന്റെ പുതുക്കം ഒരിക്കൽ മാത്രമായി സംഭവിക്കുന്നു; എങ്കിലും, നമ്മുടെ അനുഭവത്തിൽ നമ്മുടെ ഹൃദയം മാറാവുന്നതായതുകൊണ്ട് അത് നിരന്തരം പുതുക്കപ്പെടുന്നു—യെഹെ. 36:26; 2 കൊരി. 4:16.

യെഹെ. 36:26 ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും.

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

G. നമ്മുടെ ഹൃദയം മാറാവുന്നതായതുകൊണ്ട്, നമ്മുടെ ഹൃദയം സ്ഥിരമാക്കപ്പെടുകയും, പണിയപ്പെടുകയും, വിശുദ്ധ സ്ഥിതിയിലായിരിക്കുകയും, ദൈവത്തിനായി വേർതിരിക്കപ്പെട്ട സ്ഥിതിയിലായിരിക്കുകയും, ദൈവത്താൽ സ്വായത്തമാക്കപ്പെടുകയും, ദൈവത്താൽ കൈവശമാമാക്കപ്പെടുകയും, ദൈവത്തെക്കൊണ്ട് സാന്ദ്രികരിക്കപ്പെടുകയും ചെയ്യത്തക്കവണ്ണം അത് വിശുദ്ധീകരിക്കുന്ന ആത്മാവിനാൽ നിരന്തരം പുതുക്കപ്പെടേണ്ടതാവശ്യമാണ്—തീത്തൊ. 3:5; റോമ. 6:19, 22.

തീത്തൊ. 3:5 നാം ചെയ്ത, നീതിപ്രവൃത്തികളാൽ അല്ല, അവന്റെ കരുണപ്രകാരം പുനർജനന കഴുകലിലൂടെയും, നമ്മുടെ രക്ഷകനായ യേശു ക്രിസ്തു മുഖാന്തരം സമ്പന്നമായി നമ്മുടെ മേൽ അവൻ ഒഴിച്ച,

റോമ. 6:19 നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി, വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ.

റോമ. 6:22 എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന് അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ

ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു.

H. സഭാജീവിതത്തിനുവേണ്ടി ഒരു വിശുദ്ധ ജീവിതം നയിക്കുന്നതിൽ "വിശുദ്ധീകരിക്കപ്പെടുന്നവർ" ആകണമെങ്കിൽ, നമ്മുടെ ഹൃദയത്തോട് ഇടപെടുന്നതിലൂടെ "വിശുദ്ധീകരിക്കുന്നവന്റെ" ആന്തരിക പ്രവർത്തനവുമായി നാം സഹകരിക്കണം—എബ്രാ. 2:11; സങ്കീ. 139:23-24:

1. നമ്മുടെ ഹൃദയം മൃദുലമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു—യെഹെ. 36:26; മത്താ. 13:4, 19; 2 കൊരി. 5:14; പ്ര.നി. പുറ. 32:9; യിരെ. 48:11.

| | |
|---|---|
| യെഹെ. 36:26 | ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. |
| മത്താ. 13:4 | അവൻ വിതയ്ക്കുമ്പോൾ ചില വിത്തുകൾ വഴിയരികെ വീണു, പറവകൾ വന്ന് അവയെ വിഴുങ്ങിക്കളഞ്ഞു. |
| മത്താ. 13:19 | ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്. |
| 2 കൊരി. 5:14 | ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും, |
| പുറ. 32:9 | ഞാൻ ഈ ജനത്തെ നോക്കി, അതു ദുശ്ശാഠ്യമുള്ള ജനം ആകുന്നു എന്നു കണ്ടു. |
| യിരെ. 48:11 | മോവാബ് ബാല്യംമുതൽ സ്വൈരമായി മട്ടിന്മീതെ തെളിഞ്ഞുനിന്നു; അവനെ പാത്രത്തിൽനിന്നു പാത്രത്തിലേക്കു പകരുകയോ പ്രവാസത്തിലേക്കു കൊണ്ടുപോകയോ ചെയ്തിട്ടില്ല; അതുകൊണ്ടു അവന്റെ സ്വാദു അവനിൽ തന്നേ ഇരിക്കുന്നു; അവന്റെ മണം പോയ്പോയിട്ടുമില്ല. |

2. നമ്മുടെ ഹൃദയം ശുദ്ധമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു—മത്താ. 5:8; സങ്കീ. 73:1, 25; യിരെ. 32:39; സങ്കീ. 86:11b; 2 തിമൊ. 2:22; 1 തിമൊ. 1:5.

| | |
|---|---|
| മത്താ. 5:8 | ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും. |
| സങ്കീ. 73:1 | മൂന്നാം പുസ്തകം. ആസാഫിന്റെ ഒരു സങ്കീർത്തനം. |

ദൈവം യിസ്രായേലിന്നു, നിർമ്മലഹൃദയമുള്ളവർക്കു തന്നേ, നല്ലവൻ ആകുന്നു നിശ്ചയം.

| | |
|---|---|
| സങ്കീ. 73:25 | സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. |
| യിരെ. 32:39 | അവർക്കും അവരുടെ ശേഷം അവരുടെ മക്കൾക്കും ഗുണംവരത്തക്കവണ്ണം അവർ എന്നെ എന്നേക്കും ഭയപ്പെടേണ്ടതിന്നു ഞാൻ അവർക്കു ഏകമനസ്സും ഏകമാർഗ്ഗവും കൊടുക്കും. |
| സങ്കീ. 86:11 | യഹോവേ, നിന്റെ വഴി എനിക്കു കാണിച്ചുതരേണമേ; എന്നാൽ ഞാൻ നിന്റെ സത്യത്തിൽ നടക്കും; നിന്റെ നാമത്തെ ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ ഏകാഗ്രമാക്കേണമേ. |
| 2 തിമൊ. 2:22 | എന്നാൽ യൗവനമോഹങ്ങളെ വിട്ടോടി, നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിൻപറ്റുക. |
| 1 തിമൊ. 1:5 | എന്നാൽ ആജ്ഞയുടെ ഉദ്ദേശ്യം ശുദ്ധ ഹൃദയത്തിൽനിന്നും നല്ല മനസ്സാക്ഷിയിൽനിന്നും നിർവ്യാജ വിശ്വാസത്തിൽനിന്നും ഉളവാകുന്ന സ്നേഹമാകുന്നു; |

3. നമ്മുടെ ഹൃദയം സ്നേഹമുള്ളതായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു—സങ്കീ. 42:1-2; വാ. 1:1-4; 2 കൊരി. 3:16; 2 തെസ്സ. 3:5; *ഗീതം*, #ML405, #E547; എഫെ. 6:24; യോഹ. 15:9-10; 21:15-17; മത്താ. 26:6-13; 1 യോഹ. 2:5.

| | |
|---|---|
| സങ്കീ. 42:1 | സംഗീതപ്രമാണിക്കു; കോരഹ് പുത്രന്മാരുടെ ഒരു ധ്യാനം. മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവു നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു. |
| സങ്കീ. 42:2 | എന്റെ ആത്മാവു ദൈവത്തിന്നായി, ജീവനുള്ള ദൈവത്തിന്നായി തന്നേ, ദാഹിക്കുന്നു; ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും. |
| ഉത്ത. 1:1 | ശലോമോന്റെ ഉത്തമഗീതം. |
| ഉത്ത. 1:2 | അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു. |
| ഉത്ത. 1:3 | നിന്റെ തൈലം സൗരഭ്യമായതു; നിന്റെ നാമം പകർന്ന തൈലംപോലെ ഇരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു. |

ഉത്ത. 1:4 നിന്റെ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക; രാജാവു എന്നെ പള്ളിയറകളിലേക്കു കൊണ്ടുവന്നിരിക്കുന്നു; ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിന്റെ പ്രേമത്തെ വീഞ്ഞിനെക്കാൾ ശ്ലാഘിക്കും; നിന്നെ സ്നേഹിക്കുന്നതു ഉചിതം തന്നേ.

2 കൊരി. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

2 തെസ്സ. 3:5 കർത്താവ് നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ, സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ, സഹിഷ്ണുതയിലേക്കും നടത്തുമാറാകട്ടെ.

*Hymns*, #ML405

1
കർത്തനെ സ്നേഹിക്കുന്നു ഞാൻ, എന്നാൽ
എൻ സ്നേഹത്താൽ അല്ല;
നിൻ സ്നേഹത്താൽ സ്നേഹിപ്പൂ നിന്നെ ഞാൻ
അതിനാൽ ജീവിപ്പൂ.
ഒന്നുമല്ലാതെ, ഒഴിഞ്ഞും നിന്നിൽ
നഷ്ടപ്പെടുന്നതിൽ സന്തോഷിപ്പൂ.

2
ഞങ്ങൾക്ക് വേണ്ടത് നിന്നെ കർത്താ,
വേറെയൊന്നും വേണ്ട;
നിന്നിൽ നിന്നും വരും അനുഗ്രഹം,
നിന്നിൽ വസിപ്പൂ ഞാൻ.
ജീവ ഉറവ, സമൃദ്ധ കൃപ,
എൻ സ്രോതസ്സ്, കേന്ദ്രം, വാസസ്ഥലം.

*Hymns*, #547

1 Something every heart is loving:
  If not Jesus, none can rest;
Lord, my heart to Thee is given;
  Take it, for it loves Thee best.

2 Thus I cast the world behind me;
  Jesus most beloved shall be;
Beauteous more than all things beauteous,
  He alone is joy to me.

3 Bright with all eternal radiance
  Is the glory of Thy face;
Thou art loving, sweet, and tender,
  Full of pity, full of grace.

4 When I hated, Thou didst love me,
  Shedd'st for me Thy precious blood;

Still Thou lovest, lovest ever,
Shall I not love Thee, my God?

5 Keep my heart still faithful to Thee,
That my earthly life may be
But a shadow to that glory
Of my hidden life in Thee.

എഫെ. 6:24 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിനെ അക്ഷയതതയിൽ സ്നേഹിക്കുന്ന എല്ലാവരോടുംകൂടെ കൃപ ഉണ്ടായിരിക്കട്ടെ.

യോഹ. 15:9 പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചിരിക്കുന്നു; എന്റെ സ്നേഹത്തിൽ വസിക്കുവിൻ.

യോഹ. 15:10 ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ, നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ, എന്റെ സ്നേഹത്തിൽ വസിക്കും.

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:17 മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

മത്താ. 26:6 യേശു ബേഥാന്യയിൽ കുഷ്ഠരോഗിയായ ശിമോന്റെ

വീട്ടിൽ ആയിരുന്നപ്പോൾ,

| | |
|---|---|
| മത്താ. 26:7 | വിലയേറിയ പരിമള തൈലത്തിന്റെ വെൺകൽ ഭരണി കൈവശമുള്ള ഒരു സ്ത്രീ, അവന്റെ അടുക്കൽ വന്ന്, അവൻ ഭക്ഷണത്തിന് ഇരിക്കവേ, അത് അവന്റെ തലമേൽ ഒഴിച്ചു. |
| മത്താ. 26:8 | എന്നാൽ ശിഷ്യന്മാർ അതു കണ്ടപ്പോൾ, അവർ കുപിതരായി പറഞ്ഞത്, ഈ പാഴ്ച്ചെലവ് എന്തിന്? |
| മത്താ. 26:9 | ഇതു വളരെ വിലയ്ക്ക് വിറ്റ് ദരിദ്രർക്കു കൊടുക്കാമായിരുന്നു. |
| മത്താ. 26:10 | എന്നാൽ യേശു അതറിഞ്ഞ്, അവരോടു പറഞ്ഞു, നിങ്ങൾ സ്ത്രീയെ വിഷമിപ്പിക്കുന്നത് എന്തിന്? അവൾ എനിക്ക് ഒരു ഉത്തമ പ്രവൃത്തിയല്ലോ ചെയ്തത്. |
| മത്താ. 26:11 | ദരിദ്രർ എല്ലായ്പ്പോഴും നിങ്ങളോടു കൂടെത്തന്നെ നിങ്ങൾക്കുണ്ട്, എന്നാൽ ഞാൻ നിങ്ങൾക്ക് എല്ലായ്പ്പോഴും ഇല്ല. |
| മത്താ. 26:12 | അവൾ ഈ തൈലം എന്റെ ശരീരത്തിനുമേൽ ഒഴിച്ചിരിക്കുന്നത്, എന്റെ അടക്കത്തിനുവേണ്ടി ചെയ്തതാകുന്നു. |
| മത്താ. 26:13 | ഈ സുവിശേഷം സർവലോകത്തിലും എവിടെയെല്ലാം പ്രഖ്യാപിക്കപ്പെടുന്നുവോ, ഈ സ്ത്രീ ചെയ്തത് അവളുടെ ഓർമയ്ക്കായി പറയപ്പെടുന്നതായിരിക്കും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. |
| 1 യോഹ. 2:5 | എന്നാൽ അവന്റെ വചനം കാക്കുന്നവനിൽ സത്യമായും ദൈവ സ്നേഹം തികവുള്ളതായിരിക്കുന്നു. നാം അവനിൽ ആകുന്നു എന്ന് ഇതിനാൽ നമുക്കറിയാം. |

4. നമ്മുടെ ഹൃദയം സമാധാനത്തിലായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു—പ്രവൃ. 24:16; 1 യോഹ. 3:19-21; എബ്രാ. 10:22; 1 യോഹ. 1:7, 9; 1 തിമൊ. 1:5; ഫിലി. 4:6-7; കൊലൊ. 3:13-15.

| | |
|---|---|
| പ്രവൃ. 24:16 | ഇതുനിമിത്തം ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കുവാൻ ഞാൻ അഭ്യസിക്കുന്നു. |
| 1 യോഹ. 3:19 | ഇതിൽ നാം സത്യത്തിൽനിന്നുള്ളവർ എന്ന് അറിയുകയും, അവനു മുമ്പാകെ നമ്മുടെ ഹൃദയത്തെ പ്രേരിപ്പിക്കുകയും ചെയ്യും, |
| 1 യോഹ. 3:20 | നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നു എങ്കിൽ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം |

അറിയുന്നതും കൊണ്ടാകുന്നു.

1 യോഹ. 3:21 പ്രിയരേ, നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, നമുക്കു ദൈവത്തോട് ധൈര്യമുണ്ട്;

എബ്രാ. 10:22 ദുർമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നിർമല ജലത്താൽ നമ്മുടെ ശരീരങ്ങൾ കഴുകപ്പെട്ടും, വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ പരമാർഥ ഹൃദയത്തോടെ നമുക്ക് അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

1 തിമൊ. 1:5 എന്നാൽ ആജ്ഞയുടെ ഉദ്ദേശ്യം ശുദ്ധ ഹൃദയത്തിൽനിന്നും നല്ല മനസ്സാക്ഷിയിൽനിന്നും നിർവ്യാജ വിശ്വാസത്തിൽനിന്നും ഉളവാകുന്ന സ്നേഹമാകുന്നു;

ഫിലി. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

കൊലൊ. 3:13 ആർക്കെങ്കിലും എതിരായി ഒരുവന് പരാതിയുണ്ടെങ്കിൽ, അന്യോന്യം വഹിക്കുകയും അന്യോന്യം ക്ഷമിക്കുകയും ചെയ്യുവിൻ; കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും അങ്ങനെതന്നെ ക്ഷമിക്കണം.

കൊലൊ. 3:14 ഇവ എല്ലാറ്റിനും മീതെ തികവിന്റെ ഏകീകരണ ബന്ധമായ സ്നേഹം ധരിക്കുവിൻ.

കൊലൊ. 3:15 ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക

ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ.

I. വിശുദ്ധീകരിക്കുന്ന ആത്മാവിന്റെ തുടർച്ചയായ പുതുക്കത്താൽ നമ്മുടെ ഹൃദയം വിശുദ്ധിയിൽ കുറ്റമില്ലാത്തതായി സ്ഥിരപ്പെടുമ്പോൾ, നാം ദിവ്യജീവന്റെ പുതുമയോടുകൂടിയ പുതിയ യെരൂശലേമും ദിവ്യപ്രകൃതത്തിന്റെ വിശുദ്ധിയോടുകൂടിയ വിശുദ്ധ നഗരവുമായിത്തീരുന്നു—വെളി. 21:2; 1 യോഹ. 5:11-12; 2 പത്രൊ. 1:4.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

**II. ദൈവം തന്റെ നൈതികമായ വീണ്ടെടുപ്പിൽ നമ്മെ തന്നിലേക്കുതന്നെ വേർതിരിക്കേണ്ടതിന് ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ രക്തത്താൽ നമ്മെ സ്ഥാനീയമായി വിശുദ്ധരാക്കി എന്നു മാത്രമല്ല, തന്റെ ജൈവിക രക്ഷയിൽ നമ്മെ തന്നെക്കൊണ്ടുതന്നെ സാന്ദ്രീകരിക്കേണ്ടതിന് തന്റെ സ്വന്തം വിശുദ്ധ പ്രകൃതത്താൽ സഹജസ്വഭാവത്തിൽ നമ്മെ വിശുദ്ധീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു—എബ്രാ. 13:12; 10:29; റോമ. 6:19, 22; എഫെ. 5:26; 1 തെസ്സ. 5:23-24:**

എബ്രാ. 13:12 അതുകൊണ്ട് യേശുവും, തന്റെ സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്, കവാടത്തിനു പുറത്ത് കഷ്ടം സഹിച്ചു.

എബ്രാ. 10:29 ദൈവപുത്രനെ ചവിട്ടിമെതിക്കുകയും, തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ പൊതുവായത് എന്ന് കരുതുകയും, കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്തവനെ എത്ര ദുഷ്കരമായ ശിക്ഷക്കു യോഗ്യനായി കരുതും എന്ന് നിങ്ങൾക്കു തോന്നുന്നു?

റോമ. 6:19 നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി,

വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ.

റോമ. 6:22 എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന് അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു.

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

1 തെസ്സ. 5:23 അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

1 തെസ്സ. 5:24 നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാകുന്നു, അവൻ അത് ചെയ്യും.

A. ദൈവം നമ്മുടെ ആത്മാവിനെയും ദേഹിയെയും ദേഹത്തെയും സ്വഭാവപരമായ വിശുദ്ധീകരിക്കുന്നത്, നമുക്ക് ദൈവത്തിന്റെ ആവിഷ്കാരമായിരിക്കുവാൻ കഴിയത്തക്കവണ്ണം നാം അവന്റെ ജീവനിലും അവന്റെ പ്രകൃതത്തിലും (അവന്റെ ദൈവത്വത്തിലല്ല) ദൈവത്തെപ്പോലെയായിത്തീരേണ്ടതിന് നമ്മെ ദൈവത്തിന്റെ പുത്രന്മാരാക്കിക്കൊണ്ട് നമ്മെ ദിവ്യമായി "പുത്രവർക്കരിക്കുവാൻ" ആണ്—എഫെ. 1:4-5; എബ്രാ. 2:10-11.

എഫെ. 1:4 സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

എഫെ. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

എബ്രാ. 2:11 എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല,

B. നമ്മെ വിശുദ്ധീകരിക്കുന്നതിലൂടെ, പ്രകൃതത്തിൽ നമ്മെ പൂർണമായി അവനെപ്പോലെയാക്കിക്കൊണ്ട്, നമ്മുടെ ആത്മാവിന്റെയും ദേഹിയുടെയും ദേഹത്തിന്റെയും സാരാംശത്തിൽ ദൈവം നമ്മെ രൂപാന്തരപ്പെടുത്തുന്നു; ഈ വിധത്തിൽ അവൻ നമ്മുടെ ആത്മാവിനെയും

ദേഹിയെയും ദേഹത്തെയും മുഴുവനും സമ്പൂർണമായി കാത്തുസൂക്ഷിക്കുന്നു—1 തെസ്സ. 5:23:

1 തെസ്സ. 5:23 അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

1. അളവനുസരിച്ച്, ദൈവം നമ്മെ മുഴുവനായി വിശുദ്ധീകരിക്കുന്നു; ഗുണപരമായി, ദൈവം നമ്മെ സമ്പൂർണമായി കാത്തുസൂക്ഷിക്കുന്നു—അതായത്, അവൻ നമ്മുടെ ആത്മാവിനെയും ദേഹിയെയും ദേഹത്തെയും തികഞ്ഞതായി കാക്കുന്നു.
2. ദൈവം നമ്മെ കാത്തുസൂക്ഷിക്കുന്നുവെങ്കിലും, പരിശുദ്ധാത്മാവിന്റെ സാന്ദ്രീകരണത്തിൽ നമ്മുടെ ആത്മാവിനെയും ദേഹിയെയും ദേഹത്തെയും കാക്കുന്നതിലൂടെ കാത്തുസൂക്ഷിക്കപ്പെടേണ്ടതിന് അവന്റെ വ്യാപാരത്തോട് സഹകരിക്കുവാൻ നാം ഉത്തരവാദിത്വം വഹിക്കണം, മുൻകൈ എടുക്കണം—വാ. 12-24.

1 തെസ്സ. 5:12 സഹോദരന്മാരേ, ഇതുകൂടാതെ, നിങ്ങളുടെ ഇടയിൽ അധ്വാനിക്കുകയും കർത്താവിൽ നേതൃത്വമെടുക്കുകയും നിങ്ങളെ അനുശാസിക്കുകയും ചെയ്യുന്നവരെ അംഗീകരിക്കുവാനും,

1 തെസ്സ. 5:13 അവരുടെ വേല നിമിത്തം അവരെ സ്നേഹത്തിൽ ഏറ്റവും ഉന്നതമായി മാനിക്കുവാനും ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങളുടെ ഇടയിൽത്തന്നെ സമാധാനത്തിൽ ആയിരിക്കുവിൻ.

1 തെസ്സ. 5:14 സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നത്, ക്രമം കെട്ടവരെ അനുശാസിക്കുവിൻ, മനോബലമില്ലാത്തവരെ സാന്ത്വനിപ്പിക്കുവിൻ, ബലഹീനരെ താങ്ങുവിൻ, എല്ലാവരോടും ദീർഘക്ഷമയുള്ളവരാകുവിൻ.

1 തെസ്സ. 5:15 ആരും ആർക്കും തിന്മയ്ക്കു പകരം തിന്മ മടക്കിക്കൊടുക്കാതിരിക്കുവാൻ നോക്കിക്കൊള്ളുവിൻ, അന്യോന്യവും എല്ലാവർക്കും വേണ്ടിയും നന്മയായതിനെ എപ്പോഴും പിൻപറ്റുവിൻ.

1 തെസ്സ. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 തെസ്സ. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം.

1 തെസ്സ. 5:19 ആത്മാവിനെ കെടുത്തരുത്;

1 തെസ്സ. 5:20 പ്രവചനങ്ങളെ തുച്ഛീകരിക്കരുത്,

1 തെസ്സ. 5:21 എന്നാൽ സകലത്തെയും ശോധന ചെയ്യുവിൻ. നന്മയായതിനെ മുറുകെപ്പിടിക്കുവിൻ;

1 തെസ്സ. 5:22 എല്ലാവിധ തിന്മയും വിട്ടൊഴിയുവിൻ.

1 തെസ്സ. 5:23 അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

1 തെസ്സ. 5:24 നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാകുന്നു, അവൻ അത് ചെയ്യും.

C. വിശുദ്ധീകരണത്തിൽ നമ്മുടെ ആത്മാവിനെ കാത്തുസൂക്ഷിക്കുവാൻ ദൈവവുമായി സഹകരിക്കുന്നതിന്, നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട് നമ്മുടെ ആത്മാവിനെ ജീവനുള്ള ഒരു അവസ്ഥയിൽ നാം കാക്കണം:

1. നമ്മുടെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്നതിന്, ദൈവവുമായി കൂട്ടായ്മ ഉണ്ടായിരിക്കുന്നതിന് നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട് അതിനെ ജീവനുള്ളതായി നാം നിലനിർത്തണം; ഈ വിധത്തിൽ നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുവാൻ നാം പരാജയപ്പെടുന്നുവെങ്കിൽ, നാം അതിനെ ഒരു നിർജീവാവസ്ഥയിൽ വിട്ടുകളയും:

   a. സന്തോഷിക്കുന്നതും, പ്രാർഥിക്കുന്നതും, സ്തോത്രം ചെയ്യുന്നതും നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നതാണ്; നമ്മുടെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്നത് ഒന്നാമതായി നമ്മുടെ ആത്മാവിനെ ജീവനുള്ളതായി കാക്കുകയും മരണത്തിൽനിന്ന് അതിനെ പുറത്തേക്ക് വലിച്ചെടുക്കുകയും ചെയ്യുവാൻ നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നതാണ്—വാ. 16-18.

   1 തെസ്സ. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

   1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

   1 തെസ്സ. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം.

   b. ആത്മാവിനെ-മരിപ്പിക്കുന്ന സാഹചര്യത്തിൽനിന്നും വേർപെട്ടിരിക്കുന്നതിന് നാം വിശുദ്ധീകരിക്കുന്ന ദൈവത്തോട് സഹകരിക്കേണ്ടതാവശ്യമാണ്—പ്ര.നി. സംഖ്യ. 6:6-8; 2 കൊരി. 5:4.

   സംഖ്യ. 6:6 അവൻ യഹോവെക്കു തന്നെത്താൻ

സമർപ്പിച്ചിരിക്കുന്ന കാലത്തൊക്കെയും ശവത്തിന്റെ അടുക്കൽ ചെല്ലരുതു;

സംഖ്യ. 6:7 അപ്പൻ, അമ്മ, സഹോദരൻ, സഹോദരി എന്നിവരിൽ ആരെങ്കിലും മരിക്കുമ്പോൾ അവരാൽ അവൻ തന്നെത്താൻ അശുദ്ധനാകരുതു; അവന്റെ ദൈവത്തിന്റെ നാസീർവ്രതം അവന്റെ തലയിൽ ഇരിക്കുന്നു;

സംഖ്യ. 6:8 നാസീർവ്രതകാലത്തു ഒക്കെയും അവൻ യഹോവെക്കു വിശുദ്ധൻ ആകുന്നു.

2 കൊരി. 5:4 കൂടാതെ, മർത്ത്യമായത് ജീവനാൽ വിഴുങ്ങപ്പെടേണ്ടതിന്, ഈ കൂടാരത്തിൽ ആയിരിക്കുന്ന ഞങ്ങൾ, ധരിക്കാത്തവരായല്ല ധരിച്ചവരായത്രേ ആയിരിക്കുവാൻ ഇച്ഛിച്ചുകൊണ്ട് ഭാരപ്പെട്ട് ഞരങ്ങുന്നു.

c. നമ്മുടെ ആത്മാവിലും ആത്മാവോടുകൂടെയും നാം ദൈവത്തെ ആരാധിക്കുകയും ദൈവത്തെ സേവിക്കുകയും ദൈവവുമായി കൂട്ടായ്മ ആചരിക്കുകയും വേണം; നാം ആയിരിക്കുന്നതും, നമുക്കുള്ളതും, നാം ചെയ്യുന്നതും നമ്മുടെ ആത്മാവിലായിരിക്കണം—യോഹ. 4:24; റോമർ 1:9; ഫിലി. 2:1.

യോഹ. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

റോമ. 1:9 ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്,

ഫിലി. 2:1 അതുകൊണ്ട് ക്രിസ്തുവിൽ വല്ല പ്രോത്സാഹനവും, സ്നേഹത്തിന്റെ വല്ല ആശ്വാസവും, ആത്മാവിന്റെ വല്ല കൂട്ടായ്മയും, വല്ല ആർദ്രതയും മനസ്സലിവുകളും ഉണ്ടെങ്കിൽ,

2. നമ്മുടെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്നതിന്, എല്ലാ അശുദ്ധിയിൽനിന്നും മാലിന്യത്തിൽനിന്നും നാം അതിനെ കാക്കണം—2 കൊരി. 7:1.

2 കൊരി. 7:1 അതുകൊണ്ട് ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതിനാൽ, പ്രിയരേ, നമുക്ക് ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊണ്ട്, ജഡത്തിന്റെയും ആത്മാവിന്റെയും സകല മലിനതയിൽനിന്നും നമ്മെത്തന്നെ വെടിപ്പാക്കാം.

3. നമ്മുടെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്നതിന്, ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത ഒരു മനസ്സാക്ഷി ഉണ്ടായിരിക്കുവാൻ നാം നമ്മെത്തന്നെ വ്യായാമം ചെയ്യണം—പ്രവൃ. 24:16; റോമ. 9:1; പ്ര.നി. 8:16.

| | |
|---|---|
| പ്രവൃ. 24:16 | ഇതുനിമിത്തം ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കുവാൻ ഞാൻ അഭ്യസിക്കുന്നു. |
| റോമ. 9:1 | എന്റെ മനസ്സാക്ഷി എന്നോടുകൂടെ പരിശുദ്ധാത്മാവിൽ സാക്ഷ്യം വഹിച്ചുകൊണ്ട്, ഞാൻ ക്രിസ്തുവിൽ സത്യം സംസാരിക്കുന്നു, ഞാൻ കളവ് പറയുന്നില്ല, |
| റോമ. 8:16 | നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു. |

4. നമ്മുടെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്നതിന്, നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുകയും നമ്മുടെ ആത്മാവിലുള്ള വിശ്രമത്തിനായി കരുതുകയും ചെയ്തുകൊണ്ട് നമ്മുടെ ആത്മാവിന് നാം ശ്രദ്ധ നൽകണം—മലാ. 2:15-16; റോമ. 8:6; 2 കൊരി. 2:13.

| | |
|---|---|
| മലാ. 2:15 | ലേശംപോലും സുബോധം ശേഷിച്ചിരുന്ന ഒരുത്തൻ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. എന്നാൽ ആ ഒരുത്തൻ എന്തു ചെയ്തു? ദൈവം വാഗ്ദാനം ചെയ്ത സന്തതിയെ അവൻ അന്വേഷിച്ചു. നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ; തന്റെ യൌവനത്തിലെ ഭാര്യയോടു ആരും അവിശ്വസ്തത കാണിക്കരുതു. |
| മലാ. 2:16 | ഞാൻ ഉപേക്ഷണം വെറുക്കുന്നു എന്നു യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു: അതു ചെയ്യുന്നവൻ തന്റെ വസ്ത്രം സാഹസംകൊണ്ടു മൂടുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ആകയാൽ നിങ്ങൾ അവിശ്വസ്തത കാണിക്കാതിരിക്കേണ്ടതിന്നു നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ. |
| റോമ. 8:6 | ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു. |
| 2 കൊരി. 2:13 | എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി. |

D. വിശുദ്ധീകരണത്തിൽ നമ്മുടെ ദേഹിയെ കാത്തുസൂക്ഷിക്കുവാൻ ദൈവവുമായി സഹകരിക്കുന്നതിന്, നമ്മുടെ മനഃശാസ്ത്രപരമായ ഹൃദയത്തിലെ മൂന്ന് പ്രധാന "ധമനികളായ" നമ്മുടെ ദേഹിയുടെ

ഭാഗങ്ങളെ—നമ്മുടെ മനസ്സും, വികാരവും, ഇച്ഛയും—നാം വെടിപ്പാക്കണം—ഫിലി. 2:2, 5; 1:8; 2:13:

| | |
|---|---|
| ഫിലി. 2:2 | നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്, |
| ഫിലി. 2:5 | ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ, |
| ഫിലി. 1:8 | ക്രിസ്തു യേശുവിന്റെ അന്തർഭാഗങ്ങളിൽ നിങ്ങൾ എല്ലാവരെയും ഞാൻ എത്ര വാഞ്ഛിക്കുന്നു എന്നതിന് ദൈവം എന്റെ സാക്ഷി. |
| ഫിലി. 2:13 | എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു. |

1. നമ്മുടെ ദേഹി വിശുദ്ധീകരിക്കപ്പെടണമെങ്കിൽ, നമ്മുടെ മനസ്സ് ക്രിസ്തുവിന്റെ മനസ്സാകുവാൻ പുതുക്കപ്പെടുകയും (റോമ. 12:2), നമ്മുടെ വികാരം ക്രിസ്തുവിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെടുകയും സാന്ദ്രീകരിക്കപ്പെടുകയും (എഫെ. 3:17, 19), നമ്മുടെ ഇച്ഛ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാൽ കീഴ്പെടുത്തപ്പെടുകയും സന്നിവേശിക്കപ്പെടുകയും (ഫിലി. 2:13; പ്ര.നി. ഉത്ത. 4:4a; 7:4a), നമ്മുടെ മുഴുവൻ ആളത്തംകൊണ്ട് നാം കർത്താവിനെ സ്നേഹിക്കുകയും വേണം (മർക്കൊ. 12:30).

| | |
|---|---|
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| എഫെ. 3:17 | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്, |
| എഫെ. 3:19 | പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു. |
| ഫിലി. 2:13 | എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു. |
| ഉത്ത. 4:4 | നിന്റെ കഴുത്തു ആയുധശാലയായി പണിതിരിക്കുന്ന ദാവീദിൻ ഗോപുരത്തോടു ഒക്കും; അതിൽ ആയിരം പരിച തൂക്കിയിരിക്കുന്നു; അവ ഒക്കെയും വീരന്മാരുടെ പരിച തന്നേ. |

| | |
|---|---|
| ഉത്ത. 7:4 | നിന്റെ സ്തനം രണ്ടും ഇരട്ടപിറന്ന രണ്ടു മാൻകുട്ടികൾക്കു സമം. |
| മർക്കൊ. 12:30 | നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം." |

2. നമ്മുടെ മനശാസ്ത്രപരമായ ഹൃദയത്തിലെ മൂന്ന് പ്രധാന ധമനികളിലെ തടസ്സങ്ങൾ നീക്കിക്കളയുന്നതിനുള്ള മാർഗം കർത്താവിനോട് സമഗ്രമായ ഒരു ഏറ്റുപറച്ചിൽ നടത്തുക എന്നതാണ്; നമ്മെ വെളിച്ചത്തിലേക്ക് പൂർണമായി കൊണ്ടുവരാൻ അവനോട് അപേക്ഷിച്ചുകൊണ്ട് കുറച്ചു സമയം കർത്താവിനോടുകൂടെ തങ്ങുകയും, അവൻ തുറന്നുകാട്ടുന്നതിന്റെ വെളിച്ചത്തിൽ, നമ്മുടെ പോരായ്മകളും, പരാജയങ്ങളും, തോൽവികളും, തെറ്റുകളും, തെറ്റായ ചെയ്തികളും, പാപങ്ങളും ഏറ്റുപറയുകയും ചെയ്യേണ്ടതാവശ്യമാണ്—1 യോഹ. 1:5-9:

| | |
|---|---|
| 1 യോഹ. 1:5 | ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. |
| 1 യോഹ. 1:6 | നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല. |
| 1 യോഹ. 1:7 | എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു. |
| 1 യോഹ. 1:8 | നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ല. |
| 1 യോഹ. 1:9 | നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.. |

a. നമ്മുടെ മനസ്സെന്ന ധമനിയിലെ അഴുക്ക് നീക്കിക്കളയുന്നതിന് നമ്മുടെ ചിന്തകളിലും ചിന്താരീതിയിലുമുള്ള പാപകരമായ സകലവും നാം ഏറ്റുപറയണം.

b. നമ്മുടെ വികാരമെന്ന ധമനിയിലെ അഴുക്ക് നീക്കിക്കളയേണ്ടതിന്, നമ്മുടെ സന്തോഷവും ദുഃഖവും നാം പ്രകടിപ്പിച്ച സ്വാഭാവികവും

ജഡികവുമായ രീതിയെയും, കൂടാതെ പല സന്ദർഭങ്ങളിലും, നാം സ്നേഹിക്കേണ്ടതിനെ വെറുക്കുകയും, വെറുക്കേണ്ടതിനെ സ്നേഹിക്കുകയും ചെയ്തത് നാം ഏറ്റുപറയണം.

c. നമ്മുടെ ഇച്ഛയെന്ന ധമനിയിലെ അഴുക്ക് നീക്കിക്കളയുന്നതിന്, നമ്മുടെ ഇച്ഛയിലുള്ള മത്സരത്തിന്റെ അണുക്കൾ നാം ഏറ്റുപറയണം.

d. നമ്മുടെ മനഃശാസ്ത്രപരമായ ഹൃദയത്തിലെ മൂന്ന് പ്രധാന ധമനികളിലെ അഴുക്ക് നീക്കിക്കളയുവാൻ ആവശ്യമായ സമയം നാം എടുക്കുന്നുവെങ്കിൽ, നമ്മുടെ മുഴുവൻ ആളത്തവും ജീവനുള്ളതായിത്തീരുകയും വളരെ ആരോഗ്യകരമായ അവസ്ഥയിലായിരിക്കുകയും ചെയ്യുന്നുവെന്ന ബോധം നമുക്കുണ്ടായിരിക്കും.

E. വിശുദ്ധീകരണത്തിൽ നമ്മുടെ ശരീരത്തെ കാത്തുസൂക്ഷിക്കുവാൻ ദൈവവുമായി സഹകരിക്കുന്നതിന്, ദൈവത്തിന്റെ തികഞ്ഞ ഹിതം നിർവഹിക്കുന്നതിനായി ശരീരജീവിതം അനുഷ്ഠിച്ചുകൊണ്ട് സഭാജീവിതത്തിനുവേണ്ടി ഒരു വിശുദ്ധ ജീവിതം നയിക്കേണ്ടതിന് നമ്മുടെ ശരീരത്തെ അവനു സമർപ്പിക്കണം—റോമ. 12:1-2; 1 തെസ്സ. 4:4; 5:18:

| | |
|---|---|
| റോമ. 12:1 | അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ. |
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| 1 തെസ്സ. 4:4 | നിങ്ങളിൽ ഓരോരുത്തനും തന്റെ സ്വന്തം പാത്രം വിശുദ്ധീകരണത്തിലും മാനത്തിലും എങ്ങനെ കൈവശമാക്കുവാൻ അറിയേണം എന്നുതന്നെ, |
| 1 തെസ്സ. 5:18 | എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം. |

1. നമ്മുടെ വീണുപോയ ശരീരം, അഥവാ ജഡം, സാത്താന്റെയും പാപത്തിന്റെയും മരണത്തിന്റെയും "യോഗസ്ഥലം" ആണ്, എന്നാൽ ക്രിസ്തുവിന്റെ വീണ്ടെടുപ്പിനാലും പിതാവിന്റെയും പുത്രന്റെയും ആത്മാവിന്റെയും "യോഗസ്ഥലം" എന്ന നിലയിൽ നമ്മുടെ വീണ്ടുംജനിച്ച ആത്മാവിലും, നമ്മുടെ ശരീരം ക്രിസ്തുവിന്റെ ഒരു അവയവവും പരിശുദ്ധാത്മാവിന്റെ ആലയവുമാണ്—റോമ. 6:6, 12, 14; 7:11, 24; 1 കൊരി. 6:15, 19.

| | |
|---|---|
| റോമ. 6:6 | നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ; |
| റോമ. 6:12 | അതുകൊണ്ട് നിങ്ങൾ ശരീരത്തിന്റെ മോഹങ്ങളെ അനുസരിക്കേണ്ടതിന്, നിങ്ങളുടെ മർത്യശരീരത്തിൽ പാപം വാഴുവാൻ അനുവദിക്കരുത്; |
| റോമ. 6:14 | പാപം നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ല, എന്തെന്നാൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിലല്ല കൃപയിൻ കീഴിലത്രേ ആകുന്നു. |
| റോമ. 7:11 | എന്തെന്നാൽ പാപം, കൽപനയിലൂടെ അവസരം കൈവശമാക്കിയിട്ട്, എന്നെ വഞ്ചിക്കുകയും അതിലൂടെ എന്നെ കൊല്ലുകയും ചെയ്തു. |
| റോമ. 7:24 | അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും? |
| 1 കൊരി. 6:15 | നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? അപ്പോൾ ഞാൻ ക്രിസ്തുവിന്റെ അവയവങ്ങളെ എടുത്ത് അവയെ വേശ്യയുടെ അവയവങ്ങൾ ആക്കേണമോ? ഒരിക്കലും അരുത്! |
| 1 കൊരി. 6:19 | അതോ ദൈവത്തിൽനിന്ന് നിങ്ങളുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു നിങ്ങളുടെ ശരീരം എന്നും, നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല എന്നും നിങ്ങൾ അറിയുന്നില്ലയോ? |

2. നമ്മുടെ ശരീരത്തെ കാത്തുസൂക്ഷിക്കുന്നത് നമ്മുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ്—വാ. 20.

| | |
|---|---|
| 1 കൊരി. 6:20 | നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു. അതിനാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ. |

3. നമ്മുടെ ശരീരത്തെ കാത്തുസൂക്ഷിക്കുന്നത് നമ്മുടെ ശരീരത്തിൽ ക്രിസ്തുവിനെ മഹിമപ്പെടുത്തുന്നതാണ്—ഫിലി. 1:20.

| | |
|---|---|
| ഫിലി. 1:20 | എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും. |

4. നമ്മുടെ ശരീരത്തെ കാത്തുസൂക്ഷിക്കുന്നതിന് നമ്മുടെ പഴയ മനുഷ്യനായ നമ്മുടെ ദേഹിക്കൊത്തവണ്ണം നാം ജീവിക്കാതിരിക്കണം; അപ്പോൾ പാപശരീരത്തിന് അതിന്റെ ജോലി നഷ്ടമാകുകയും തൊഴിലില്ലാത്തതായിത്തീരുകയും ചെയ്യും—റോമ. 6:6.

| | |
|---|---|
| റോമ. 6:6 | നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ; |

5. നമ്മുടെ ശരീരത്തെ കാത്തുസൂക്ഷിക്കുന്നതിന്, പാപകരമായ യാതൊന്നിനും നമ്മുടെ ശരീരത്തെ സമർപ്പിക്കാതെ, പകരം നമ്മെത്തന്നെ നീതിക്ക് അടിമകളായും നമ്മുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും സമർപ്പിക്കണം—വാ. 13, 18-19, 22; ദാനി. 5:23:

| | |
|---|---|
| റോമ. 6:13 | നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന് സമർപ്പിക്കുകയും അരുത്, എന്നാൽ നിങ്ങളെത്തന്നെ മരിച്ചവരിൽനിന്ന് ജീവിക്കുന്നവരായും, നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിക്കുവിൻ. |
| റോമ. 6:18 | പാപത്തിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടിട്ട്, നിങ്ങൾ നീതിക്ക് അടിമപ്പെട്ടിരിക്കുന്നു. |
| റോമ. 6:19 | നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി, വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ. |
| റോമ. 6:22 | എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന് അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു. |
| ദാനീ. 5:23 | സ്വർഗ്ഗസ്ഥനായ കർത്താവിന്റെ നേരെ തന്നെത്താൻ ഉയർത്തി അവന്റെ ആലയത്തിലെ പാത്രങ്ങളെ അവർ തിരുമുമ്പിൽ കൊണ്ടുവന്നു; തിരുമേനിയും |

മഹത്തുക്കളും തിരുമനസ്സിലെ ഭാര്യമാരും വെപ്പാട്ടികളും അവയിൽ വീഞ്ഞുകുടിച്ചു; കാണ്മാനും കേൾപ്പാനും അറിവാനും വഹിയാത്ത പൊന്നു, വെള്ളി, താമ്രം, ഇരിമ്പു, മരം, കല്ലു എന്നിവകൊണ്ടുള്ള ദേവന്മാരെ സ്തുതിച്ചു; തിരുമനസ്സിലെ ശ്വാസവും എല്ലാവഴികളും കൈവശമുള്ളവനായ ദൈവത്തെ മഹത്വീകരിച്ചതുമില്ല.

a. “ഇതാകുന്നു ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം: നിങ്ങൾ പരസംഗം വിട്ടൊഴിയുന്നതു തന്നെ; നിങ്ങളിൽ ഓരോരുത്തനും തന്റെ സ്വന്തം പാത്രം വിശുദ്ധീകരണത്തിലും മാനത്തിലും എങ്ങനെ കൈവശമാക്കുവാൻ അറിയേണം എന്നുതന്നെ”—1 തെസ്സ. 4:3-4.

b. ജനം ദൈവത്തെ അറിയുന്നില്ല എന്നതാണ് അവർ കാമാർത്തികളിൽ മുഴുകുന്നതിനുള്ള അടിസ്ഥാന കാരണം—വാ. 5.

1 തെസ്സ. 4:5 ദൈവത്തെ അറിയാത്ത ജാതികളെപ്പോലെ കാമാസക്തിയിലല്ല;

6. നമ്മുടെ ശരീരത്തെ കാത്തുസൂക്ഷിക്കുന്നതിന്, വിശുദ്ധ നഗരമായിത്തീരുക എന്ന നമ്മുടെ വിശുദ്ധ ഉദ്ദേശ്യം നിറവേറ്റുന്നതിന് നാം അതിനെ പ്രഹരിക്കുകയും അതിനെ ഒരു അടിമയെപ്പോലെ നയിക്കുകയും വേണം—1 കൊരി. 9:27; വെളി. 21:2.

1 കൊരി. 9:27 എന്നാൽ മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഒരുപക്ഷേ ഞാൻതന്നെ നിരാകരിക്കപ്പെട്ടവൻ ആയിത്തീരാതിരിക്കേണ്ടതിന്, ഞാൻ എന്റെ ശരീരത്തെ പ്രഹരമേൽപ്പിച്ച് അതിനെ എന്റെ അടിമയാക്കുന്നു..

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.